15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480 | 08-10-2024 - ൽ മറുപടിയ്ക്ക്

വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ ക്ഷാമബത്ത കുടിശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (എ) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും / വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) 01.07.2021 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് / പെൻഷൻകാർക്ക് 01.01.2022 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്.** |
| (ബി) | വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ഡി.ആർ. നൽകാനുണ്ടെന്നും എത്ര ശതമാനം ഡി.ആർ. കുടിശികയുണ്ടെന്നും അറിയിക്കാമോ; | (ബി) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും / വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) 01.07.2021 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് / പെൻഷൻകാർക്ക് 01.01.2022 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്.** |
| (സി) | സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (സി) | **കുടിശ്ശികയില്ല** |
| (ഡി) | സംസ്ഥാനത്ത് ഹൈക്കോടതി, ജില്ലാ കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിലുള്ള ജഡ്ജി, മജിസ്ട്രേറ്റ് തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ; | (ഡി) | **കുടിശ്ശികയില്ല** |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ ഗവർണർ, മുഖ്യമന്ത്രി, മറ്റ മന്ത്രിമാർ, ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (ഇ) | **സംസ്ഥാനത്തെ മുഖ്യമന്ത്രി, മറ്റ മന്ത്രിമാർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് സർക്കാർ ജീവനക്കാർക്ക് നല്കുന്ന ക്ഷാമബത്ത നിരക്ക് തന്നെയാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഗവർണർ, ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ ക്ഷാമബത്ത സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.** |
| (എഫ്) | ക്ഷാമബത്ത കുടിശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുറവുണ്ടാകുന്നുണ്ട് എന്ന് അറിയിക്കാമോ; | (എഫ്) | **കണക്കാക്കിയിട്ടില്ല** |
| (ജി) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏറ്റവും ഒടുവിൽ അനുവദിച്ച ക്ഷാമബത്ത ആകെ കുടിശികയുടെ എത്ര ശതമാനമാണെന്നും ആയത് കുടിശികയായ തീയതി മുതലുള്ളത് ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാമോ? | (ജി) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി / എ.ഐ.സി.ടി.ഇ / മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) ആകെ കുടിശികയുടെ 9.5% ഉം യു.ജി.സി / എ.ഐ.സി.ടി.ഇ / മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് 42.42% ഉം ആണ് അനുവദിച്ചിട്ടുള്ളത്. ആയത് 01.04.2024 മുതലാണ് ലഭ്യമാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ